കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നൂറനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി6-1676/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

തീയതി 05.12.2018

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൂറനാട് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം: നൂറനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2, 3-7 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി6-1676/2018 തീയതി, 05.12.2018

.

.

# ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 18.08.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.18 മുതൽ 26.10.18.വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.കെവിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹഗ്രേ).<br>ശ്രീ.ജയകൃഷ്ണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി.ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി.ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.പി.അശോകൻനായർ 01.04.2017 മുതൽ 31.03.18 വരെ

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ആരോഗ്യവിദ്യാഭ്യാസം | ശ്രീ.റ്റി.കെ.രാജൻ | 01.04.17-31.03.18 |
| വികസനകാര്യം | ശ്രീ.നരേന്ദ്രൻ | 01.04.17-31.03.18 |
| ക്ഷേമകാര്യം | ശ്രീമതി.സ്വപ്ന സുരേഷ് | 01.04.17-31.03.18 |
| ധനകാര്യം | ശ്രീമതി.മധു കുമാരി | 01.04.17-31.03.18 |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.അനൂപ് കുമാർ | 01.04.17 മുതൽ 07.06.17 വരെ |
| | ശ്രീ.മോഹനകുമാർ.ജി. | 08.06.17 മുതൽ 30.11.17 വരെ |
| | ശ്രീ.എ.വി.അജികുമാർ | 01.12.17 മുതൽ 22.01.18.വരെ |
| | ശ്രീ.സലിൽ.എ.സോണി | 23.01.18 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷിഓഫീസർ | ശ്രീമതി.കവിത. | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡാനിയൽ കോശി. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.ദിവ്യ.വി.എസ്. | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റിഷി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.പത്മാക്ഷി.സി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ഷെഫീക്ക്.എം.റ്റി. | 01.04.2017 മുതൽ .31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീ.ജിൻഷാദ് ഹസൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.മോഹനൻ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി.ജയലത | 01.06.2017 മുതൽ 02.07.2017വരെ |
| | ശ്രീ.അജികുമാർ | 03.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിനരാജ് | 01.04.2017 മുതൽ 08.10.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി.സുജാത രവി | 09.10.2017 മുതൽ 07.11.2017വരെ |
| | ശ്രീ.ബിനോദ് | 08.11.2017 മുതൽ 16.02.2017വരെ |
| | ശ്രീമതി.ഷംല.എം.എസ് | 17.02.2017 മുതൽ 31.03.2018 വരെ |
| | ഡോ.പാർവ്വതി ജയപാൽ | 01.04.2017 മുതൽ 11.02.2018 വരെ |
| | ഡോ. സിമി.ആർ | 12.02.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | ബജറ്റ് |
| ഭാഗം 2 | | |
| 2 | 2-1 | രസീതു പരിശോധനയിൽകണ്ടെത്തിയ അപാകങ്ങൾ |
| 3 | 2-2 | ഡി ആൻറ് ഒ ലൈസൻസ് അപാകതകൾ |
| 4 | 2-3 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കൃത്യമായി ഈടാക്കുന്നില്ല |
| 5 | 2-4 | കമ്മ്യൂണിറ്റി ഹാൾ - വാടക നിശ്ചയിച്ച് ബൈലോ പാസാക്കിയിട്ടില്ല |
| 6 | 2-5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല |
| 7 | 2-6 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - തിരികെ ലഭിക്കുന്നതിന് കാല താമസം |
| 8 | 2-7 | നിഷ്ക്രീയ അക്കൗണ്ടുകൾ (Saksharatha) ക്ലോസ് ചെയ്യിക്കേണ്ടതാണ് |
| ഭാഗം 3 | | |
| 9 | 3-1 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |
| 10 | 3-2 | വാട്ടർ അതോറിറ്റി നിർണ്ണയിച്ചിട്ടുള്ളത് 1.01 കോടിയുടെ ബാദ്ധ്യത |
| 11 | 3-3 | തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് - തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി കറന്റ് ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ് |

| | | |
|---|---|---|
| 12 | 3-4 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സേവനനികുതി ചുമത്തി |
| 13 | 3-5 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ടുകൾ മരുന്നുകൾ ലഭിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല |
| 14 | 3-6 | കരാറിലേർപ്പെടാതെ നിക്ഷേപപ്രവൃത്തികൾക്കു തുക ചെലവഴിച്ചു |
| 15 | 3-7 | ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഉണഭോക്താക്കൾക്ക് ആനുകൂല്യം |
| 16 | 3-8 | സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച ഫണ്ട് മുഴുവനായും വിനിയോഗിക്കുന്നില്ല |
| 17 | 3-9 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി |
| 18 | 3-10 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല |
| 19 | 3-11 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയിട്ടില്ല |
| 20 | 3-12 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 21 | 3-13 | പടനിലം പബ്ലിക് മാർക്കറ്റ് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കൽ പൂർണ്ണമായിട്ടില്ല |
| 22 | 3-14 | അംഗൻവാടി സ്റ്റോക്ക് രേഖപ്പെടുത്തൽ-അപാകത |
| 23 | 3-15 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം |
| 24 | 3-16 | കൃഷി, ക്ഷീര വികസന മേഖലകൾ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം അവലോകനം |

| | | |
|---|---|---|
| 25 | 3-17 | ആശ്രയ ഫണ്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു |
| 26 | 3-18 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല |
| ഭാഗം 4 | | |
| 27 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 28 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 29 | അനുബന്ധം 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017 തീയതിയിലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 21,20,60,422 | 19,65,66,766 |
| വാർഷികക്കണക്ക് പ്രകാരം | 8,29,53,370<br>(മുന്നിരിപ്പ് ഉൾപ്പടെ) | 6,42,56,259 |

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 11.06.2018 |

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റിന്റെ വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ./ജി.എ.4/1126(43)/2018<br>തീയതി : 18.07.2018 | വിശേഷണങ്ങളോടു കൂടിയത് |

സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,61,67,455 |
| വരവ് | 6,67,85,915 |
| ആകെ | 8,29,53,370 |
| ചെലവ് | 6,42,56,259 |
| നീക്കിയിരിപ്പ് | 1,86,97,111 |

1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | | 1,41,50,000 | 14150000 | 1,12,14,604 | 2935396 |
| വികസന ഫണ്ട്-എസ്.സി.പി | | | 10163790 | 10163790 | 90,11,145 | 1152645 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | | 10729000 | 10729000 | 71,53,893 | 3575107 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | | | 3531000 | 3531000 | 27,40,201 | 790799 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 6645341 | 6645341 | 64,58,709 | 186632 |
| കെ.എൽ.ജി.എസ്.ഡി.പി | | | 2073405 | 2073405 | 15,83,440 | 489965 |
| സാക്ഷരത | | 9393 | 0 | 9393 | 50 | 9343 |
| ദുരിതാശ്വാസനിധി | | 707 | 28 | 735 | 0 | 735(*1) |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,33,49,000 | 33349000 | 33349000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 132056 | 8,76,818 | 1008874 | 1006299 | 2575 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | | 258177 | 1323112 | 1581289 | 0 | 1581289 |
| ട്രഷറി ടി.എസ്.ബി. | | 7087 | 386 | 7473 | 0 | 7473 (*2) |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | 0 | 42,77,500 | 4277500 | 4044456 | 233044 |
| ബി ഫണ്ട് | | | 3,11,760 | 311760 | 311760 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4776399 | | 0 | | 9394928 |
| | ഇ – പെയ്മെന്റ് | 129215 | 40708 | 169923 | 13786 | 156137 |
| | ട്രഷറി അക്കൗണ്ട് | 1,06,30,538 | 10530702 | 21161240 | 14780575 | 6380665 |

പുതുക്കിയ A.F.S പ്രകാരം *1)28 രൂപ പലിശയുൾപ്പടെ 735 രൂപയും *2)386 രൂപ പലിശയുൾപ്പടെ 7473 രൂപയും നീക്കിയിരിപ്പുണ്ട്.

.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 66181718 | 93 | 37 | 43421593 | 8 | 67.39 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 132056 | 876818 | 1008874 | 1006299 | 2575 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33349000 | 33349000 | 33349000 | 0 |

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41760 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 58,35,000 | 501 |
| വിധവാപെൻഷൻ | 1,25,41,300 | 1055 |
| വാർദ്ധക്യകാലപെൻഷൻ | 2,79,81,200 | 2149 |
| വികലാംഗപെൻഷൻ | 35,13,900 | 305 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 8,47,000 | 73 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 855/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്.

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പ്രത്യേകിച്ച് അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവിൽ തൃപ്തികരമാണ്. എന്നാൽ സാംഖ്യ രീതിയിലുള്ള ജേർണൽ/അഡ്ജസ്റ്റ്മെന്റ് എൻട്രികളിന്മേൽ പുനപരിശോധന നടത്തുന്നില്ല.

ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2018 | 06/2018 | 03.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2011 | 2008-09 to 2010-11 | 01.03.2012 |

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ:-

വാർഷിക ധനകാര്യപത്രിക പുതുക്കിയപ്പോൾ ദുരിതാശ്വാസനിധി, ടി.എസ്.ബി. ട്രഷറി എന്നീ അക്കൗണ്ടുകളിൽ പലിശയിനത്തിലുള്ള വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു പരിശോധനയിൽകണ്ടെത്തിയ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പണപ്പിരിവ്, ഒടുക്ക് എന്നീ പ്രവർത്തനങ്ങൾ ശരിയായ മേൽ പരിശോധനയില്ലാതെയാണ് നടത്തുന്നത്. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ദൈനംദിന പണപിരിവ് മേൽ പരിശോധന നടത്തുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതായി രേഖയില്ല. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/22.10.18) ജൂനിയർ സൂപ്രണ്ടിനാണ് ഓഫീസ് പ്രവർത്തനത്തിന്റെ പൊതു നിയന്ത്രണവും മേൽനോട്ടവും എന്നാണ് മറുപടി നൽകിയത്. വേണ്ടത്ര മേൽ പരിശോധന നടത്താതെ ദൈനംദിന പണം ഒടുക്കൽ നടത്തുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടവരാൻ സാധ്യത ഉള്ളതിനാൽ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി ആൻറ് ഒ ലൈസൻസ് അപാകതകൾ

എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളോട് അനുബന്ധമായ പട്ടിക 1-ൽ ലൈസൻസ് ആവശ്യമുള്ള വിവിധ ഇനങ്ങളിൽ ക്രമനമ്പർ 149-ൽ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 17 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബി) ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 259 വ്യാപാരികളിൽ 20 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനും നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക കൃത്യമായി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കുടിശ്ശിക വരുത്തിയ ആളുടെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ശ്രീ.സ്വരാജ്, വേണാട്ട്, പടനിലം | Iv/584 | 4691 | 2017 നവംബർ മുതൽ 2018 മാർച്ച് വരെ | 23455 |
| 2 | ശ്രീ.രാമകൃഷ്ണൻ | Iv/586 | 524 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 6288 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | ആകെ | 29743 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/20.10.18/ ) വാടക കുടിശ്ശിക അടിയന്തിരമായി ഒടുക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് മറുപടി ഹാജരാക്കിയിട്ടുണ്ട്. വാടകകുടിശ്ശിക സർവ്വീസ് ചാർജ്ജുൾപ്പെടെ ഈടാക്കേണ്ടതാണ്. മേൽപ്രകാരം വാടക കുടിശ്ശികയുണ്ടെങ്കിലും ഈ വർഷവും ടി വ്യക്തികൾക്ക് തന്നെയാണ് കരാർ പുതുക്കി നൽകിയത്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 കമ്മ്യൂണിറ്റി ഹാൾ - വാടക നിശ്ചയിച്ച് ബൈലോ പാസാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിന് ഒരു ദിവസം 500/-രൂപയാണ് വാടക ഈടാക്കി വരുന്നത്. 2017-18 വാർഷിക കണക്ക് പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ 2000/-രൂപ വരവ് ലഭിച്ചിട്ടുണ്ട്. വളരെ കുറച്ച്ദിവസങ്ങൾ മാത്രമാണ് ഹാൾ വാടകയ്ക്ക് പോയിട്ടുള്ളതെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത്. വാടക രജിസ്റ്റർ ഓഡിറ്റ് അന്വേഷണത്തിലൂടെ (2/20.10.18) ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്ത് ഇതുവരെ കമ്മ്യൂണിറ്റി ഹാൾ സംബന്ധിച്ചുള്ള ബൈലോ തയാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ബൈലോ തയാറാക്കി വാടക ഈടാക്കുന്നതിനും രജിസ്റ്റർ തൃപ്തികരമായി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2007 വർഷം മുതൽ പഞ്ചായത്തിൽ ലഭിച്ച തുകകൾ നിലനിൽക്കുന്നതായാണ് കാണുന്നത്. എന്നാൽ നീക്കിയിരിപ്പുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തുകയോ, തിരികെ നൽകുന്ന തുക വൌച്ചർ നമ്പർ രേഖപ്പെടുത്തി കൃത്യമായി ഒഴിവാക്കാത്തതുമൂലവും കാലഹരണപ്പെട്ട തുകയ്ക്ക് വ്യക്തതയില്ല. ആകയാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തുന്നതിനും 3 വർഷത്തിനു മുൻപുള്ള ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - തിരികെ ലഭിക്കുന്നതിന് കാലതാമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. നാളിതുവരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ യാതൊരു തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക പഞ്ചായത്തിന്റെ

തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ലിസ്റ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ടെന്റർ രജിസ്റ്ററിൽ ഇത് സംബന്ധിച്ചവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിലുള്ള വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 നിഷ്ക്രീയ അക്കൗണ്ടുകൾ (Saksharatha) ക്ലോസ് ചെയ്യിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക അക്കൗണ്ട്, ബാങ്ക് പാസ്സ്ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ സാക്ഷരതയുടെ അക്കൗണ്ടുകൾ പൂർണ്ണമായും നിഷ്ക്രീയമാണെന്നും 2017-18 സാമ്പത്തിക വർഷം ടി അക്കൗണ്ടുകളിൽ ഇടപാടുകൾ ഉണ്ടായിട്ടില്ല എന്നും കാണുന്നു. പലിശയിനത്തിലുള്ള വരവുകൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. സാക്ഷരതയുമായി ബന്ധപ്പെട്ട് നിലവിൽ പ്രേരക്മാരുടെ ശമ്പളം അവരവരുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുകയുമാണ് ചെയ്യുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ടിന്റെ വിവരം | 31-03-2018-ൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | സാക്ഷരത | 9343 |

പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും അവശേഷിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ(പി) 7/2016/ഫിൻ തീയതി 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക 48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.വി.അനൂപ് കുമാർ | സെക്രട്ടറി |
| 2 | ശ്രീ.കെ.സി.ശിവദാസൻ | ജൂനിയർ സൂപ്രണ്ട് |
| 3 | ശ്രീ.സി.ജെ.വിനോദ് | അക്കൌണ്ടന്റ് |
| 4 | ശ്രീ.ഗിരീഷ് ശങ്കർ | സീനിയർ ക്ലാർക്ക് |
| 5 | ശ്രീമതി.ദീപാ ലക്ഷ്മി | സീനിയർ ക്ലാർക്ക് |
| 6 | ശ്രീമതി .ആർ.രമാദേവി | സീനിയർ ക്ലാർക്ക് |
| 8 | ശ്രീമതി.വി.എ.സീനാകുമാരി | എൽ.ഡി.ക്ലാർക്ക് |
| 9 | ശ്രീമതി.വി.ആർ.രമ്യ | എൽ.ഡി.ക്ലാർക്ക് |
| 10 | ശ്രീ.ഷൈബു.ആർ | എൽ.ഡി.ക്ലാർക്ക് |
| 11 | ശ്രീമതി. ലീലാമണിയമ്മ | പാർട്ട് ടൈം ലൈബ്രേറിയൻ |
| 12 | ശ്രീമതി.ജി.സരള | പാർട്ട് ടൈം സ്വീപ്പർ |
| 13 | ശ്രീ.രാജനാഥൻ പിള്ള | പാർട്ട് ടൈം സ്വീപ്പർ |

അടിസ്ഥാന ശമ്പളത്തിന്റെ 15% ആണ് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടത്. ടി ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-2 വാട്ടർ അതോറിറ്റി നിർണ്ണയിച്ചിട്ടുള്ളത് 1.01 കോടിയുടെ ബാദ്ധ്യത

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തനത്ഫണ്ടിൽ നിന്ന് നേരിട്ടും വിവിധ വർഷങ്ങളിൽ പഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റുകളിൽ നിന്ന് കുറവ് വരുത്തിയിട്ടും ഈ ഇനത്തിൽ വാട്ടർ അതോറിറ്റി 31/03/2018 ലെ ബാദ്ധ്യതയായി നിർണ്ണയിച്ച് നൽകിയിട്ടുള്ളത് 13217526/-രൂപയാണ്.

2015-16 ഓഡിറ്റ് റിപ്പോർട്ടിൽ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെയടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തിന് നൽകിയ മറുപടി പ്രകാരം 2010 വരെ 443 ഉം ഡിസംബർ 2011 മുതൽ 403 ഉം, ജനവരി 2013 മുതൽ 426 ഉം പൊതുടാപ്പുകളാണ് പഞ്ചായത്തിന് ഉള്ളത്. രജിസ്റ്റർ, കെ.ഡബ്ല്യു.എ. യുടെ കത്ത് എന്നിവ പ്രകാരം 2010 ആഗസ്റ്റ് മുതൽ 2012 ഒക്ടോബർ വരെ 4424809 രൂപ കുടിശ്ശിക ഉണ്ട്. തുടർന്നുള്ള മാസങ്ങളിൽ കൃത്യമായി അടക്കുകയും ചെയ്യുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 7/2010 വരെ പഞ്ചായത്തിന് വെള്ളക്കര കുടിശ്ശിക ഒന്നുമില്ല. എന്നാൽ 10/2012 ലെ ഡിമാന്റ് നോട്ടീസിലാകട്ടെ കുടിശ്ശിക 4424809/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. വെള്ളക്കരത്തിന്റെ ഒടുക്കു സംബന്ധമായി ഹാജരാക്കിയ രജിസ്ററർ പ്രകാരവും 8/2010 മുതൽ 10/2012 വരെ തനതു ഫണ്ടിൽ നിന്നും വെള്ളക്കരമിനത്തിൽ തുകയൊന്നും അടച്ചിട്ടില്ല. എന്നാൽ ഇതേ കാലയളവിൽ പഞ്ചായത്തിന് അർഹമായ ഗ്രാന്റിൽ നിന്നും വെള്ളക്കരത്തിനായി കുറവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| വർഷം | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | തൻ വർഷത്തെ ആകെ ഡിമാന്റ് | തനതു ഫണ്ടിൽ നിന്നും ഒടുക്കിയത് | സർക്കാർ ഗ്രാൻറുകളിൽ നിന്നും നേരിട്ട് അടവായത് + പ്രോജക്ട് പ്രകാരം അടവ്/തീയതി | തൻവർഷം ആകെ അടവാക്കിയത് |
|---|---|---|---|---|---|
| സെപ്തംബർ 2010മുതൽ മാർച്ച് 2011 വരെ | 443 | 1108988 | -- | 430328 MG(NR)/(5 /10-118987, 8.9.10-136400, 38541, 3.2.11-136400)<br>293866 (Dev. Fund)/25.3.11<br>444441(GPF)<br>1 | 1598963 |
| April 2011-november & december11 - march2012 | 443<br>426 | 1299357<br>1333476 | - | 200000(Project)-26.3.12(146/11-12)<br>693200(Dev. Fund)/5.3.12<br>521970( GPF)/from6.11 – 1.12 | 1415170 |
| 2012-2013 | 406 | 1430628 | 607834 | 617506(MG (NR)(195200-7.12, 195200-8.12, 195200-11.12, 31906-11.12) | 1039812 |

| | |
|---|---|
| ആകെ 5172449 | 4053945 |

എന്നാൽ ഈ ഒടുക്കുകൾ പരിഗണിച്ചല്ല വാട്ടർ അതോറിറ്റി പഞ്ചായത്തിന് ഡിമാന്റ് നിശ്ചയിച്ചതെന്ന് മേൽ രേഖകളിൽ നിന്നും വ്യക്തമാണ്. കുടിശ്ശികയ്ക്ക് പ്രതിമാസം 2% പലിശയാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നതെന്നതിനാൽ ബാദ്ധ്യത ഭീമമായി വർദ്ധിക്കുകയും ചെയ്യും. വെള്ളക്കരം കൃത്യമായി അടച്ചിട്ടും 4/2015 ൽ 67,76,455/-രൂപയായിരുന്ന കുടിശ്ശിക 3/2018 ൽ 13217526/-രൂപയായി വർദ്ധിച്ചു. എന്നാൽ ഡിമാന്റിനേക്കാൾ അധികമായി വെള്ളക്കരമടച്ചിരിക്കുമ്പോഴാണ് ഇപ്രകാരം ബാദ്ധ്യത നിർണ്ണയിച്ചതെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. ഗ്രാൻറുകളുടെ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയ തുക പരിഗണിക്കാതെ ഡിമാന്റ് നോട്ടീസിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടും ഈ അപാകത യഥാസമയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധമായി നാളിതുവരെ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 426 ടാപ്പുകൾക്ക് പ്രതിമാസം 5250/- രൂപ നിരക്കിൽ കരം(പ്രതിമാസം 186375) ഒടുക്കുന്നുവെങ്കിലും ഭൂരിപക്ഷം ടാപ്പുകളും പ്രവർത്തനക്ഷമമല്ല എന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി അധികൃതർക്ക് ഒന്നിലധികം കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ അവർ ഇതിനോട് പ്രതികരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വലിയ തുക തനതു ഫണ്ടിൽ നിന്നും നഷ്ടമാകുന്നു. കൂടാതെ കുടിവെള്ള പദ്ധതിയ്ക്കായി 09/17,3/18 ലുമായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3650000 രൂപ നാളിതു വരെ പ്രവൃത്തി നടത്താതെയും തിരിച്ചു ലഭിക്കാതെയും നിക്ഷേപമായി മാത്രം തുടരുന്നു. (ഖ:3-6 കാണുക)

വെള്ളക്കരത്തിന്റെ കുടിശ്ശിക സംബന്ധമായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിലെ പിഴവ് ചൂണ്ടിക്കാട്ടി പഞ്ചായത്തിന് ഈയിനത്തിൽ നിലവിലുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിനും, അധികം അടച്ച തുക ക്രമീകരിച്ച് കിട്ടുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തി പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ചെലവ് ഒഴിവാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 തെരുവ്വിളക്കുകളുടെ കറന്റ് ചാർജ്ജ് - തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി കറന്റ് ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ്

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ 03/2018ൽ 93252/-രൂപയാണ് അടവാക്കിയിട്ടുള്ളത്. തെരുവ്വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ താരിഫ് സമ്പ്രദായത്തിലാണ് ഇപ്പോഴും കറണ്ട്ചാർജ്ജ് അടയ്ക്കുന്നത്. എല്ലാ വിളക്കുകളും 12 മണിക്കൂർ പ്രവർത്തിച്ചിട്ടുണ്ടെന്ന നിഗമനത്തിലാണ് താരിഫ് സമ്പ്രദായത്തിൽ കറണ്ട് ചാർജ്ജ് കണക്കാക്കുന്നത്. നിലവിലെ താരിഫ് പ്രകാരം താഴെപ്പറയുന്ന രീതിയിലാണ് കറണ്ട് ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്.

| ക്രമ നം: | ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 339 | 66 | 22374 |
| 2 | ഓർഡിനറി ബൾബ് | 60 | 213 | 102 | 21726 |
| 3 | മെർക്കുറി വേപ്പർ ലാമ്പ് | 400 | 3 | 714 | 2142 |
| 4 | മെർക്കുറി വേപ്പർ ലാമ്പ് | 250 | 2 | 447 | 894 |
| 5 | സി.എഫ്.എൽ | 11 | 351 | 16 | 5616 |
| 6 | സി.എഫ്.എൽ | 2*11 | 393 | 32 | 12576 |

| | | | | | |
|---|---|---|---|---|---|
| 7 | സിംഗിൾ ട്യൂബ് | 40 | 283 | 66 | 18678 |
| 8 | ഡബിൾ ട്യൂബ് | 80(2*40) | 69 | 134 | 9246 |
| | ആകെ | | | | 93252 |

ഗ്രാമപ്പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സിംഗിൾ ട്യൂബ്, സി.എഫ്.എൽ, എൽ.ഇ.ഡി. എന്നിവയാണ് ഗ്രാമപ്പഞ്ചായത്ത് വാങ്ങിവരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഫീൽഡ് പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റി 20.08.2016 ൽ അംഗീകരിച്ച കണക്ക് പ്രകാരം 623 സി.എഫ്.എൽ, 1359 സിംഗിൾ ട്യൂബ് എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ 2016-17, 17-18 കാലയളവിൽ ആകെ 271 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉപയോഗത്തിലുള്ളതും കെ.എസ്.ഇ.ബി. യുടെ കണക്കിലുള്ളതുമായ തെരുവുവിളക്കുകളിൽ വൻ വ്യത്യാസം കാണുന്നുണ്ടെങ്കിലും ഇത് പരിശോധിച്ച് കറണ്ട് ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സി.എഫ്.എൽ., എൽ.ഇ.ഡി എന്നിവ വാങ്ങി സ്ഥാപിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നുമില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മുൻവർഷവും വ്യക്തമാക്കിയിരുന്നെങ്കിലും ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല, യഥാർത്ഥത്തിലുള്ള ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വൈദ്യുത ചാർജ്ജ് പുനർനിർണ്ണയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സജീവശ്രദ്ധയും നിർദ്ദേശങ്ങളും അനിവാര്യമാണ്.

## 3-4 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സേവന നികുതി ചുമത്തി

1994 ലെ ഫൈനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66 E(h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേർഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്ല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012 ലെ 25/2012 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൻ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം. 12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ച നൽകുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ വിജ്ഞാപനം പരിഗണിക്കാതെ ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ടുള്ള വർക്ക് കോൺട്രാക്ടിലെ സേവനങ്ങൾക്ക് എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനായി തുക വകയിരുത്തി പിൻവലിച്ചിട്ടുള്ളതായി കാണുന്നു. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി 2016-17 ലെ സ്പിൽ ഓവർ പ്രോജക്ടായ നം.38/18 അംഗൻവാടികളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനായി തുക വകയിരുത്തി ഫൈനൽ ബിൽ തുകയോടൊപ്പം 28008/-രൂപ പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ പിൻവലിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹിച്ച പ്രോജക്ടുകൾ മരുന്നുകൾ ലഭിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) ആണ് ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ഹോമിയോ, ആയുർവ്വേദ മരുന്നുകളുടെ വാങ്ങൽ, പാലിയേറ്റീവ് കെയർ പദ്ധതി എന്നിവ നിർവ്വഹിച്ചിട്ടുള്ളത്. പ്രോജക്ടുകളിൽ മരുന്നുകൾ ലഭ്യമാകുന്നതിൽ പലപ്പോഴും കാലതാമസം സംഭവിക്കുന്നുണ്ട്. ഒരു വർഷത്തോളമായിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഘട്ടം ഘട്ടമായി മരുന്നുകൾ ലഭിക്കുമ്പോൾ ചെലവഴിച്ച തുകയ്ക്ക് മുഴുവനുമുള്ള മരുന്നുകൾ ലഭിക്കുന്നുണ്ടോ, ആവശ്യപ്പെട്ട മരുന്നുകൾ തന്നെയാണോ ലഭിച്ചത് എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താനുള്ള ക്രമീകരണമോ രജിസ്റ്ററുകളോ സൂക്ഷിക്കപ്പെടുന്നില്ല. ഇത് മൂലം അത്യാവശ്യമുള്ള മരുന്നുകൾ ലഭിക്കാതെയും പകരമായി അതേ തുകയ്ക്ക് മറ്റ് മരുന്നുകൾ ലഭിക്കുകയും ചെയ്യാമെന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഓഡിറ്റ് വർഷം മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് വന്നിട്ടുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് പേര് | ബിൽ നം, തീയതി, തുക | ചെലവായ തുക(₹ /-) | നാളിതു വരെ ലഭിച്ചമരുന്ന്/ ഉപകരണങ്ങൾ എത്ര രൂപയുള്ളതെന്ന് (₹ /-) |
|---|---|---|---|---|---|
| 1 | 113/18 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ- അലോപ്പതി മരുന്നുകൾ | 6/30.11.17 432808/- | 109922 | 84357 |
| 2 | ടി | ഉപകരണങ്ങൾ | 6/30.11.17 432808/- | 199624 | 176622 |
| 3 | ടി | ഹോം കെയർ കിറ്റ് | 6/30.11.17 432808/- | 189968 | 65554 |
| 4 | ടി | പാലിയേറ്റീവ് ഹോമിയോ മരുന്ന് | 8/14.2.18 30000/- | 30000+ 15000ബ്ലോക്ക് വിഹിതം | 15000 |
| 5 | ടി | പാലിയേറ്റീവ് ആയുർവ്വേദ മരുന്ന് | 6/30.11.17 432808/- | 100000+ 50000 ബ്ലോക്ക് വിഹിതം | 125444 |
| 6 | 114/18 | ആയുർവ്വേദ മരുന്ന് വാങ്ങൽ | 4/23.10.17 300000/- | 300000 | 300000 |
| 7 | 118/18 | ഹോമിയോ മരുന്ന് വാങ്ങൽ | 3/23.10.17 200000/- | 200000 | 200000 |
| 8 | 120/18 | വൃദ്ധർക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ | 5/23.10.17 470000/- | 470000 | 470000 |
| ആകെ: | | | | 1664514 | 1436977 |

ആകെ 2,27,537/-രൂപയുടെ കൂടി മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുവാൻ ബാക്കി നില്പുണ്ടെന്ന് കാണുന്നു. തുക നല്കി ഒരു വർഷത്തോളം സമയം ആകുന്ന എന്നതിനാൽ, മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാകുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ആവശ്യപ്പെട്ടതും ലഭിച്ചതും വ്യക്തമാക്കുന്ന കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം 5/24.10.18)നിലവിൽ ഇപ്രകാരം കണക്കുകൾ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്ന നിലയ്ക്കാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അതേ പോലെ ഹോമിയോ മരുന്നുകൾ ആവശ്യപ്പെട്ടവ ലഭ്യമാക്കാതെ മറ്റ് മരുന്നുകൾ ലഭ്യമാക്കുകയുണ്ടായെന്നും അവയും അവശ്യമരുന്നുകൾ ആയിരുന്നുവെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ആയതിനാൽ, നല്കിയ തുകയ്ക്ക് മുഴുവനും മരുന്നുകൾ ലഭിച്ചുവെന്നും അത് ആവശ്യപ്പെട്ടിരുന്ന മരുന്നുകൾ തന്നെയായിരുന്നു എന്നതും രജിസ്റ്റർ മുഖേന നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## 3-6 കരാറിലേർപ്പെടാതെ നിക്ഷേപപ്രവൃത്തികൾക്കു തുക ചെലവഴിച്ചു

നിക്ഷേപ പ്രവൃത്തികളിൽ തുക അനുവദിക്കുന്നതിന് മുൻപ് നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടണമെന്ന വ്യവസ്ഥ പാലിക്കാതെ, പഞ്ചായത്ത് ഫണ്ട് യഥേഷ്ടം ചെലവഴിക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഇപ്രകാരം 2017-18 ൽ 65.25 ലക്ഷം രൂപയാണ് നിക്ഷേപിച്ചിട്ടുള്ളത്.
തെരുവുവിളക്ക് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി തൻവർഷം മൂന്ന് പ്രൊജക്ടുകൾ പ്രകാരം 2875500 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി മുൻവർഷം 805600 രൂപ നിക്ഷേപിച്ചിരുന്നു. കരാർ ചമയ്ക്കാതെയും പണി പൂർത്തിയാകാതെയും കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിൽ ഗ്രാമപ്പഞ്ചായത്തിന്റേതായി 36,80,600 രൂപയാണുള്ളത്. കരാർ ചമച്ചിട്ടില്ലാത്തതിനാൽ കാലതാമസത്തിനെതിരെ പഞ്ചായത്തിന് നടപടി സ്വീകരിക്കാനാകില്ല. കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി തൻവർഷം 3650000 രൂപ (30 ലക്ഷം രൂപ 09/17ലും 6.5 ലക്ഷം രൂപ 01/2018ലും) നിക്ഷേപിച്ചിട്ടുണ്ട്. കെ.ഡബ്ല്യു.എ. യ്ക്ക് പണം നല്കിയ ശേഷം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യക്തതയില്ലാത്ത കരാറാണ് ചമച്ചിട്ടുള്ളത്. "മുഴുവൻ തുകയും കൈപ്പറ്റി 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തിയാക്കുന്നതാണ്' " എന്നാണ് പ്രവൃത്തി പൂർത്തീകരണത്തെപ്പറ്റി കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

നിർവ്വഹണ ഏജൻസിയിൽ നിന്നുള്ള കത്ത്, എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം എന്നിവയുടെ അടിസ്ഥാനത്തിലാണ് മുകളിൽ വിവരിക്കുന്ന പ്രവൃത്തികൾക്ക് പണം നിക്ഷേപിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മേൽ വിവരിച്ച അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം

ആനുകൂല്യങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ ആനുകൂല്യം നല്കണമെന്നാണ് പഞ്ചായത്ത് രാജ് അനുശാസിക്കുന്നത്. ടി മുൻഗണനാലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണം മതിയാകുമെന്നും ഒഴിവായിപ്പോയ അർഹരെ ഉൾപ്പെടുത്തുന്നതിന് ഗ്രാമസഭയുടെ അംഗീകാരം തന്നെ വേണമെന്നും പദ്ധതി മാർഗ്ഗരേഖയും സൂചിപ്പിക്കുന്നു. എന്നാൽ ഇപ്രകാരം ഗ്രാമസഭയുടെ അംഗീകാരം ഇല്ലാതെ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം അനുവദിച്ചു.

എ) വീട് വയറിംഗ്

സംസ്ഥാന സർക്കാർ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിപ്രകാരം വീട് വൈദ്യുതീകരിച്ച 8 ഗുണഭോക്താക്കൾക്ക് വീട് വയറിംഗിനുള്ള വ്യക്തിഗത ആനുകൂല്യം, 4000 രൂപ വീതം ആകെ 32000 രൂപ (ചെക്ക് നം:18022/23.01.2018) നല്കിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. വീട് വയറിംഗ് എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റു ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ കെ.എസ്.ഇ.ബി.യിൽ സി.ഡി. അടച്ച രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വീട് വയറിംഗിനുള്ള സബ്സിഡി തുക നല്കാവൂ എന്ന് പറയുന്നുണ്ട്. എന്നാൽ പ്രസ്തുത രേഖ സൂക്ഷിച്ചിട്ടില്ല.

2. വയറിംഗിന് പണം അനുവദിക്കുമ്പോൾ പാലിക്കേണ്ട മറ്റു നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. 13-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖപ്രകാരം മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ 3 പോയിന്റ് വയറിംഗ് നടത്തണമെന്നും അത് വി.ഇ.ഒ./ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്നും പറയുന്നുണ്ട്. വയറിംഗിന്റെ പോയിന്റ് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ വയറിംഗിന് ഉപയോഗിക്കേണ്ട സാമഗ്രികളുടെ സ്പെസിഫിക്കേഷനും വയറിംഗ് ജോലികൾ ലൈസൻസുള്ള കോൺട്രാക്ടർമാർ നിർവ്വഹിക്കണമെന്നും പറയുന്നു. വയറിംഗിന്റെ സുരക്ഷയെ കരുതിയുള്ള മേൽ നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല.

ഈ ന്യൂനതകൾ ചൂണ്ടിക്കാണിച്ചതിന് (ഓഡിറ്റ് അന്വേഷണം നം.7 തീയതി, 25.10.18) നിർവ്വഹണോദ്യോഗസ്ഥനും സെക്രട്ടറിയും നല്കിയ മറുപടിയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി ബന്ധം ലഭിച്ചതും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നതുമായ ടി ഗുണഭോക്താക്കളുടെ അവസ്ഥ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനപ്രകാരം സബ്സിഡി അനുവദിക്കുകയായിരുന്നു എന്ന് വിശദീകരിച്ചു. പഞ്ചായത്ത് കമ്മിറ്റി തീരുമാനവും കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രവും മാത്രം പരിഗണിച്ച് പ്രൊജക്റ്റ് നടപ്പാക്കുകയായിരുന്നു. സാധനങ്ങളുടെ ബില്ല് ആവശ്യമില്ലായിരുന്നുവെന്നും ഗുണഭോക്താവ് ഹാജരാക്കിയതുകൊണ്ട്

അത് ഫയലിൽ സൂക്ഷിക്കുകയായിരുന്നുവെന്നും മറുപടി നല്കി. ഗ്രാമസഭയിൽ ചർച്ച ചെയ്യാതെയും സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയും സമ്പൂർണ്ണ വൈദ്യുതീകരണപ്രകാരം വൈദ്യുതി ലഭിച്ച 8 പേർക്ക് ടി പ്രൊജക്ട് പ്രകാരം ആനുകൂല്യം നല്കുകയാണുണ്ടായത് . ഈ നടപടി ശരിയായ രീതിയല്ല.

ബി). ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - ടി പ്രൊജക്ടിന് വേണ്ടി 52 പേരെ ഉൾപ്പെടുത്തി 18.09.2017 ൽ അംഗീകൃതഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിരുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ വിഹിതം അടച്ച് പദ്ധതിയുടെ ഭാഗമാകാൻ തയ്യാറായ 5 പേരെ കൂടി ഉൾപ്പെടുത്തണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെട്ടതനുസരിച്ച് ടി 5 പേർക്ക് ആനുകൂല്യം നല്കുന്നതിന് 18.09.2017ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം (തീരുമാനം നം.1-4) നല്കുകയും ടി 5 പേർ ഉൾപ്പടെ 13 പേർക്ക് സബ്സിഡി (13*5000=65000) നല്കി. 2017-18 ലും 2018-19 ലുമായി 32500 രൂപ വീതം അനുവദിച്ചു. {2017-18 ലെ ചെലവ് വിവരം -- ബിൽ നം : 5/12.03.2018}

18.09.2017ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കിയ 5 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കാത്തതിന്റെ കാരണം അന്വേഷിച്ചതിന് അർഹരായവരെ ഉൾപ്പെടുത്തി ലിസ്റ്റിന് സാധൂകരണം വാങ്ങുന്നതിന് നല്കിയെങ്കിലും മിനിട്സിൽ രേഖപ്പെടുത്താൻ വിട്ടുപോയെന്നാണ് മറുപടി നല്കിയത്. ഈ മറുപടി അംഗീകരിക്കുന്നില്ല.

ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. ഇപ്രകാരം 2017-18 ൽ ചെലവഴിച്ച 32000 + 32500 = 64500 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ചെലവിനുത്തരവാദിയായ വി.ഇ.ഒ. ശ്രീ.ഷഫീക്ക്.എം.റ്റി.യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച ഫണ്ട് മുഴുവനായും വിനിയോഗിക്കുന്നില്ല

സംയുക്ത പ്രോജക്ടുകൾക്കായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമല്ല. വിവിധ പദ്ധതികൾക്കായി തൻ വർഷം ജില്ലാപ്പഞ്ചായത്ത് വിഹിതമായി 350000 രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 2427500രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. ലഭ്യമായ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ശ്രമങ്ങൾ ശ്ളാഘനീയമാണ്. ലഭ്യമാകുന്ന ഫണ്ട് സർക്കാരിന്റെ പദ്ധതി വിഹിതമാണെങ്കിൽ അതാത് വർഷം തന്നെ ചെലവഴിച്ചില്ലെങ്കിൽ ലാപ്സാകുന്നതാണ്. ഫണ്ട് ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 25862881 രൂപ വകയിരുത്തി 73 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 30പ്രവൃത്തികൾ സ്പിൽ ഓവറും 43 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ പൂർത്തീകരിച്ച 43 എണ്ണത്തിന് മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. പൂർത്തീകരിച്ച 7 പ്രവൃത്തികളുടെ ബിൽ സമർപ്പിച്ചുവെങ്കിലും ട്രഷറി മാറി നൽകിയില്ല. 8 സ്പിൽ ഓവർ പ്രവൃത്തികളും 21 പുതിയ പ്രവൃത്തികളും തൻവർഷം നടപ്പാക്കിയിട്ടില്ല. 2017 ജൂൺ മാസം വരെ 4 പ്രവൃത്തികളും, ഡിസംബർ മാസം വരെ 14 പ്രവൃത്തികളും, 2018 ഫെബ്രുവരി മാസം വരെ 5 പ്രവൃത്തികളും, മാർച്ച് മാസത്തിൽ 20 പ്രവൃത്തികളും നടപ്പിലാക്കി 12453529 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് കൂടുതൽ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയർമാരും മാത്രമാണ് ഉള്ളത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയെയും ഗുണമേന്മയെയും ബാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. മറ്റ് മേഖലകളെ അപേക്ഷിച്ച് പശ്ചാത്തല മേഖലയിൽ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ആയതിന്റെ 41 ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്ടുകളുടെ ബാഹുല്യം കുറക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-10 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 43ലക്ഷം അടങ്കലുള്ള 14 മരാമത്ത് പ്രവൃത്തികളിൽ 10 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് 22 ലക്ഷം). ഓഡിറ്റ് വർഷം മാത്രമല്ല മുൻവർഷങ്ങളിലും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഷിക പദ്ധതിയിൽ ലഭ്യമായ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2017-18 | 4303629 | 2240201 | 52.05 |
| 2016-17 | 4048280 | 2344813 | 57.92 |
| 2015-16 | 3213548 | 2147752 | 66.83 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 13.6]. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിരുന്നില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ടി ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് മേൽ ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ടി ചട്ടം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-06-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി

സൂക്ഷിക്കുന്നതിനായി 13-01-2010 ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനയിൽ, രജിസ്റ്ററിൽ റോഡുകളുടെ നീളം, വീതി, കാര്യേജ് വേ ഇവ കൃത്യമായിക്കാണിക്കാതിരിക്കുക, ഒരു റോഡ് പല റോഡുകളായി മുറിച്ചുകാണിക്കുക, കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരണം നൽകാതിരിക്കുക, ആസ്തികൾ നിർമ്മിച്ച വർഷം, ചെലവുതുക ഇവ രേഖപ്പെടുത്താതിരിക്കുക, നിലവിലുള്ള ആസ്തികളിൽ പലതും രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങി അനേകം അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെയുണ്ട്.

തദ്ദേശ സ്വയംഭരണ സ്വാപനത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ പ്രത്യേക ഫാറത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഇത് സംബന്ധിച്ച നടപടികൾ ഒന്നും തുടങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ കണക്കുകൾ വാർഷിക കണക്കിന്റെ കൃത്യതക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-13 പടനിലം പബ്ലിക് മാർക്കറ്റ് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കൽ പൂർണ്ണമായിട്ടില്ല

നൂറനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ ഇരുപത്തിരണ്ടിൽ റീസർവ്വേ നമ്പർ 210/14 ൽ പെട്ട പഞ്ചായത്ത് വക പബ്ലിക്ക് മാർക്കറ്റ് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് വക ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനായി 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം നൂറനാട് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 28.10.16 ലെ അപേക്ഷ പ്രകാരം 30.01.18ൽ വസ്തു അളന്ന് കയ്യേറ്റം സംബന്ധിച്ച് വിവരങ്ങൾ 23.2.18ൽ തഹസിൽദാർ സെക്രട്ടറിക്ക് നൽകിയ സാഹചര്യത്തിൽ കയ്യേറ്റ പ്രദേശത്തെ കടമുറികളുടെ ഉടമസ്ഥൻ സ്റ്റേ (LA No.1027/2018 Dtd.21.7.18) ഓർഡർ സമ്പാദിച്ചിട്ടുണ്ട്. ഇതിനെതിരെ ഗ്രാമ പഞ്ചായത്ത് വക്കാലത്ത് നൽകുകയും ചെയ്തിട്ടുണ്ട്. നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 അംഗൻവാടി സ്റ്റോക്ക് രേഖപ്പെടുത്തൽ-അപാകത

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച അനുപൂരക പോഷകാഹാരം പ്രോജക്ടിൽ (നം.75/18) ട്രഷറി ബിൽ നം.2/17-18 പ്രകാരം പിൻവലിച്ച തുകയിൽ (278764/-) നിന്നും നീതി സ്റ്റോറിൽ നിന്ന് 20.06.2017-ൽ 2565കി.ഗ്രാം വറുത്ത റവ വാങ്ങിയ ഇനത്തിൽ 141075/-രൂപ ചെലവായിട്ടുണ്ട്. എന്നാൽ അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധന നടത്തിയതിൽ റവയ്ക്ക് പകരം, ഗോതമ്പ് എന്ന് കാണിച്ചാണ് മുന്നിരിപ്പും, നീക്കിയിരിപ്പും ഉൾപ്പെടെ, രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതെന്ന് കണ്ടു.

നീതി സ്റ്റോറിൽ നിന്നുള്ള തൻമാസ ബില്ലുകൾ പ്രകാരം, വറുത്ത റവയുടെ നിരക്ക് കി.ഗ്രാം-ന് 55/-രൂപയും നുറുക്ക് ഗോതമ്പിന്റെ നിരക്ക് കി.ഗ്രാം-ന് 50/-രൂപയുമാണ്. കുറഞ്ഞ നിരക്കിലുള്ള ഭക്ഷ്യവസ്തു ലഭിച്ചതായി കാണിച്ചതിലൂടെ വന്നിട്ടുള്ള അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/22.10.18), അംഗൻവാടി വർക്കർമാർ നുറുക്ക് ഗോതമ്പും റവയും തമ്മിൽ തിരിച്ചറിയാതെ രേഖപ്പെടുത്തൽ വരുത്തിയത് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം നല്കിയത്. ഇതിന് പുറമേ, രജിസ്റ്ററിൽ ഗോതമ്പ് എന്ന് മാത്രം പ്രിന്റ് ചെയ്തിട്ടുള്ള കോളമാണുള്ളത്, റവയ്ക്ക് പ്രത്യേക കോളം ഇല്ലായിരുന്നു, ഒരു തവണ മാത്രമാണ് നുറുക്ക്ഗോതമ്പിന് പകരം റവ ലഭിച്ചിട്ടുള്ളതെന്നും കണ്ടു, ഇപ്രകാരമുള്ള അപാകതകൾ മേലിൽ ആവർത്തിക്കാതെയിരിക്കുന്നതിന് മതിയായ മേൽപരിശോധന നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്.

അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ വ്യാപകമായി തിരുത്തലുകൾ വരുത്തുന്നതായും കാണുന്നു. തിരുത്തുകൾ സാക്ഷ്യപ്പെടുത്തുകയും മേൽപരിശോധന കാലികമായി നടത്തുകയും ചെയ്യേണ്ടതാണ്.

## 3-15 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം

ഗ്രാമപഞ്ചായത്തിലുള്ള എല്ലാ അംഗൻവാടികൾക്കും (ആകെ 29) ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടമുള്ള 14 അംഗൻവാടികൾക്ക് പുറമേ, ഒരു അംഗൻവാടിയുടെ (നം.59) കെട്ടിടം പണി ഏകദേശം പൂർത്തിയായിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. സ്വന്തം സ്ഥലമുള്ള ഒരു അംഗൻവാടി കൂടി ഇനിയും കെട്ടിടം പണി നടത്താൻ അവശേഷിക്കുന്നതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 14 അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഒരു അംഗൻവാടിക്ക് പോലും ശിശുസൗഹൃദ ശൗചാലയം ഇല്ലെന്നത് അപാകതയാണ്. ചുറ്റുമതിലുള്ള അംഗൻവാടികൾ 5എണ്ണമാണ്, കെട്ടിടം പണി പൂർത്തിയായതുൾപ്പെടെ സ്വന്തം കെട്ടിടമുള്ള 15 അംഗൻവാടികളിൽ ശേഷിക്കുന്ന 10 അംഗൻവാടികൾക്ക് ചുറ്റുമതിൽ ആവശ്യമുണ്ട്. അംഗൻവാടികളിൽ പലതും പാതയോരത്താണ് സ്ഥിതി ചെയ്യുന്നതെന്നതിനാൽ കുട്ടികളുടെ സുരക്ഷയ്ക്കായി മതിയായ സൗകര്യം ഉറപ്പാക്കേണ്ടതാണ്.

## 3-16 കൃഷി, ക്ഷീര വികസന മേഖലകൾ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം അവലോകനം

എ) കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ്, മണ്ണ് വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷത്തിൽ 11.04.2017, 05.05.2017, 20.05.2017, 24.02.2018 എന്നീ തീയതികളിലാണ് കൂടിയിട്ടുള്ളത്. 9 അംഗങ്ങളാണ് സമിതിയിലുള്ളത്. യോഗങ്ങളിൽ അംഗങ്ങളുടെ പ്രാതിനിധ്യമുള്ളതായും പ്രോജക്ട് നിർദ്ദേശങ്ങൾ ഉള്ളതായും കാണുന്നു. പ്രോജക്ട് നിർദ്ദേശങ്ങളിൽ പലതും നടപ്പിലാക്കപ്പെട്ടിട്ടില്ല.

11.04.2017 ൽ കൂടിയ സമിതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കലിന് പുറമേ പഞ്ചവത്സര പദ്ധതി നിർദ്ദേശങ്ങളായി, നെൽകൃഷി വികസനത്തിൽ തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്ത് തരിശ് രഹിതമാക്കുന്നതിനായി നിർദ്ദേശമുണ്ടായിട്ടുണ്ട്. ഇപ്രകാരം തരിശുനിലം കൃഷി യോഗ്യമാക്കുന്നതിലേക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സേവനം ഉപയോഗിക്കുവാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ടെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്രകാരം തരിശുനിലം കൃഷിയോഗ്യമക്കൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. കർഷകരുടെ ഉല്പന്നങ്ങൾ സമാഹരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിച്ചിട്ടില്ലെന്ന് കാണുന്നു. കാർഷിക കർമസേന രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നു. 05.05.2017 ൽ കൂടിയ സമിതിയിൽ എള്ളുകൃഷി പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കാൻ നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയില്ല. 20.05.2017 ൽ കൂടിയ യോഗത്തിൽ തീരുമാനങ്ങളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുകയാണ്. 24.02.2018 ൽ കൂടിയ യോഗത്തിൽ 2018-19ലേക്കുള്ള പദ്ധതി നിർദ്ദേശങ്ങളാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്.

ബി) ഓഡിറ്റ് വർഷം 20.05.2017, 24.02.2018 തീയതികളിലാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയിട്ടുള്ളത്. ടി യോഗങ്ങളിൽ 8വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. യോഗങ്ങളിൽ അംഗങ്ങളുടെ പ്രാതിനിധ്യമുള്ളതായും പ്രോജക്ട് നിർദ്ദേശങ്ങൾ ഉള്ളതായും കാണുന്നു. 20.05.2017 ലെ യോഗത്തിൽ ഉരുത്തിരിഞ്ഞ പ്രോജക്ട് നിർദ്ദേശങ്ങളിൽ പലതും പ്രായോഗികമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. പാലിന് സബ്സിഡി, നാടൻ പശുക്കളെ വളർത്തുന്നതിന് പ്രോത്സാഹനം നല്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക, നാടൻ പശുക്കളുടെ ചാണകം, ഗോമൂത്രം ഇവ ഉപയോഗിച്ച് പഞ്ചഗവ്യം നിർമ്മിച്ച് നല്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക, ക്ഷീര മേഖലയെ തൊഴിലുറപ്പുമായി ബന്ധിപ്പിക്കുക, യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നീ നിർദ്ദേശങ്ങളാണ് യോഗത്തിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ ഇവയിൽ അധികം പ്രോജക്ടുകളും പ്രായോഗിക തലത്തിൽ എത്തിയിട്ടില്ല.

24.02.2018 തീയതിയിലെ യോഗത്തിൽ ഉയർന്ന് വന്ന നിർദ്ദേശങ്ങൾ 2018-19കാലയളവിലേക്കുള്ള പദ്ധതി നിർദ്ദേശങ്ങളായിരുന്നു. ഇവയിൽ കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങളിൽ പ്രായോഗികമായവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്.

## 3-17 ആശ്രയ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു

ആശ്രയ പഞ്ചായത്ത് വിഹിതം നൽകൽ (S00144/18) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ദൈനംദിന ചെലവുകൾക്കായി 350000/- (ബിൽ നം. 12/01.3.18) രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2017 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ഭക്ഷണം ഇനത്തിൽ 95775/- രൂപയാണ്

ചെലവഴിച്ചിട്ടുള്ളത്. ബാലൻസ് തുക 254225/- രൂപയിൽ 107171/- രൂപ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പോഷകാഹാരത്തിനായി ഉപയോഗിച്ചു. 2017 സെപ്റ്റംബർ മുതൽ 2018 ജൂലൈ വരെയുള്ള മാസങ്ങളിൽ ഭക്ഷണ വിതരണം നടന്നിട്ടില്ല. രണ്ടാം ഘട്ട ആശ്രയയിൽ ആദ്യ തവണ ഭക്ഷണത്തിനായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കാമായിരുന്നെങ്കിലും ഇപ്രകാരം തുക ചെലവഴിച്ചിട്ടില്ല. നിർദ്ധനരും നിരാലംബരുമായ വിഭാഗത്തിന് വേണ്ടത്ര ഭക്ഷ്യ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ഇതിൽ നിന്ന് വ്യക്തമാകുന്നു. ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജനപ്രതിനിധികളുടെ ഭാഗത്തു നിന്നും ആരോഗ്യകരമായ ഇടപെടൽ ഉണ്ടാകേണ്ടതും ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ കൃത്യ നിർവ്വഹണം നടത്തി അഗതികളുടെ ഉന്നമനത്തിനുള്ള വഴിയൊരുക്കേണ്ടതുമാണ്.

## 3-18 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1997500 | നെൽകൃഷി വികസനം | 1997500 | 0 |
| | 2017-18 | 280000 | പാലിയേറ്റീവ് കെയർ | 274556 | 5444 |
| | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 146200 | 3800 |
| | 2017-18 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 146200 | 3800 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 30,00,000 | 0 | 30,00,000 |
| | അങ്കണവാടികൾക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 6,50,000 | 0 | 6,50,000 |
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സ്ട്രീറ്റ് മെയിൻ നീട്ടൽ | 16,29,000 | 0 | 16,29,000 |
| | തെരുവുവിളക്കുകൾക്ക് മീറ്റർ, സ്ട്രീറ്റ് മെയിൻ നീട്ടൽ | 5,00,000 | 0 | 5,00,000 |
| | പഞ്ചായത്തിലെ എസ്.സി.കോളനികളിലെ സ്ട്രീറ്റ് മെയിൻ നീട്ടൽ | 7,46,500 | 0 | 7,46,500 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല.

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-3 | 1250 | സുധ, പുത്തൻവീട് എന്ന ഗുണഭോക്താവാണ് പണം ഒടുക്കിയത്. | 117020101603 /02.08.2017 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു. |
| 1999-2000 | 17(1),(2) | 2003-2004 | 3 | അനാവശ്യമായി നല്കിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്ന തിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ്ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | 3-2 | വിജയലക്ഷ്മി, ഐ.സി. ഡി.എസ്, സൂപ്പർവൈസർ, സാമൂഹികനീതി വകുപ്പ് | L.F3653/ B3/2013 Dtd :19.12.2015 | 51630 | 51630 1160210015 15.04.2016 | | | | | 0 | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,67,85,915 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,42,56,259 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 64,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7(ബി) | | 64500 | ഷഫീക്ക്.എം.റ്റി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷഫീക്ക്.എം.റ്റി.<br>വി.ഇ.ഒ. | വി.ഇ.ഒ.<br>നൂറനാട് ഗ്രാമപഞ്ചായത്ത് | നെസ്റ്റ്,<br>പി.വി.നോർത്ത്, തഴവ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ<br>2001-02 വരെ | എൽ.എഫ്.ജി.എ5/1832/11/തീയതി: |
| 2002-03-2005-06 | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.15 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03,16 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07,16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-6/55/2017/25.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി-6/1384 /2017/13.11.2017 |

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

.

.

## ഓഡിറ്റ് സാക്ഷ്യപത്രം

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം 2</u>

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്